**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 694** **23-02-2022 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കെയർ ഹോം പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ആർക്കെല്ലാം ഭവന പദ്ധതി ലഭ്യമാക്കിയെന്നും ഏത് സഹകരണ സംഘം മുഖേനയാണ് ലഭ്യമാക്കിയതെന്നും വിശദമാക്കുമോ; | (എ) | കെയർ ഹോം പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വീട്ടുകൾ ലഭിച്ച ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും പ്രസ്തുത വീട്ടുകൾ നിർമ്മിച്ചു നൽകിയ സഹകരണ സംഘത്തിന്റെ പേരും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കെയർ ഹോം പദ്ധതി തുടരുന്ന കാര്യം പരിഗണനയിൽ ഉണ്ടോ? | (ബി) | 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീട്ടുകൾ നിർമ്മിച്ച് നൽകുക എന്നത് ലക്ഷ്യമിട്ടാണ് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. പദ്ധതി പ്രകാരം നിർമ്മിച്ച് നൽകുന്ന വീട്ടുകളുടെ എണ്ണം ഘട്ടങ്ങളായി ഉയർത്തി 2,092 വീട്ടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി 14 വരെ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2,087 വീട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2,000 വീട്ടുകൾ നിർമ്മിച്ച് നൽകുക എന്ന ലക്ഷ്യം പൂർത്തീകരിച്ചതിനെ തുടർന്ന് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഫ്ലാറ്റ് നിർമ്മാണമാണ് രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ക്രമ നം.** | **ഗുണഭോക്താവിന്റെ പേരും മേൽവിലാസവും ഗ്രാമ പഞ്ചായത്തും** | **നിർമ്മാണ മേൽനോട്ടം വഹിച്ച സഹകരണ സ്ഥാപനം** |
|---|---|---|
| 1 | കെ.ടി അബ്ദുറഹിമാൻ<br>കരിമ്പന, തൊടികയിൽ, കുമാരനെല്ലൂർ<br>പഞ്ചായത്ത്: കാരശ്ശേരി | കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 2 | ചുടലക്കണ്ടി കല്യാണി<br>പഞ്ചായത്ത്: കാരശ്ശേരി | കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് |
| 3 | കല്യാണി സോമൻ<br>കല്ലോലിക്കൽ,കൂടരഞ്ഞി. പഞ്ചായത്ത്: കൂടരഞ്ഞി | കൂടരഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് |
| 4 | ഷാജി ശൗര്യമാക്കിൽ<br>കൂടരഞ്ഞി പി. ഒ<br>പഞ്ചായത്ത്: കൂടരഞ്ഞി | താമരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് |
| 5 | ജോസഫ് കൊടക്കല്ലിക്കൽ,<br>കോടഞ്ചേരി<br>പഞ്ചായത്ത്: കോടഞ്ചേരി | കോടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് |
| 6 | ദേവകി ഏലിക്കാട്, പുതുപ്പാടി<br>പഞ്ചായത്ത്: പുതുപ്പാടി | പുതുപ്പാടി സർവ്വീസ് സഹകരണ ബാങ്ക് |
| 7 | ബഷീർ പാലായിൽ ,കൂടരഞ്ഞി<br>പഞ്ചായത്ത്: കൂടരഞ്ഞി | വലിയപറമ്പിൽ സർവ്വീസ് സഹകരണ ബാങ്ക്. |